**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2993** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനപരിപാലന പദ്ധതികളിലെ ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം വികസന ഏജൻസികളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വ്യാപകമായ അഴിമതി നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വനം വികസന ഏജൻസികളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വ്യാപകമായ അഴിമതി നടക്കുന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വനപരിപാലനത്തിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകൾ വഴി അനുവദിക്കുന്ന വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ തടയാൻ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വനപരിപാലനത്തിനായി അനുവദിക്കുന്ന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ അക്കൗണ്ടന്റ് ജനറൽ കൃത്യമായ ഇടവേളകളിൽ ഓഡിറ്റ് നടത്തിവരുന്നു. വനം വകുപ്പാസ്ഥാനത്തെ ഇന്റേണൽ ഓഡിറ്റ് ടീം ഡിവിഷൻ റെയിഞ്ച്തല ഓഫീസുകളിൽ പരിശോധന നടത്തി വന പരിപാലന പദ്ധതികളിൽ ക്രമക്കേടുകൾ ഇല്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വന പരിപാലന പദ്ധതികളിൽ ക്രമക്കേടുകൾ തടയുന്നതിനായി വനം വകുപ്പിൽ ഒരു ഇന്റേണൽ വിജിലൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | വനം വകുപ്പിന്റെ കാർബൺ ക്രെഡിറ്റ് ഫണ്ട് ചെലവഴിച്ചതിലെ ക്രമക്കേടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | വനം വകുപ്പിന്റെ കാർബൺ ക്രെഡിറ്റ് ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ